# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 5

12.01.2021 ൽ മറുപടിക്ക്

### അഖിലേന്ത്യാ സർവീസ് കൺഫർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

**ചോദ്യം:**
**ശ്രീ. പി.സി. ജോർജ്ജ്**

**ഉത്തരം:**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരള ഭരണ സർവീസ് നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാന ജീവനക്കാർക്ക് അഖിലേന്ത്യാ സർവീസ് കൺഫർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;<br>(ബി) ഇല്ലെങ്കിൽ കാലോചിതമായി മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (എ) & (ബി) സംസ്ഥാന സർവ്വീസ് ജീവനക്കാരിൽ നിന്ന് ഐ.എ.എസിലേക്കുള്ള നിയമനത്തിന് പരിഗണിക്കുന്നത് സ്ഥാനക്കയറ്റത്തിലൂടെയും സെലക്ഷനിലൂടെയുമാണ്. ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷം സർവ്വീസ് പൂർത്തിയാക്കിയ ഉദ്യോഗസ്ഥരെ സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിൽ കേന്ദ്ര സർക്കാരിന്റെ Indian Administrative Service (Appointment by Promotion) Regulations, 1955-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഐ.എ.എസിലേക്ക് സ്ഥാനക്കയറ്റം മുഖാന്തിരം നിയമനം നൽകുന്നതിന് പരിഗണിച്ച് വരുന്നു. ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ ഉൾപ്പെടാത്തതും എന്നാൽ ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്ക് തത്തുല്യമായ തസ്തികയിൽ എട്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയതുമായ മറ്റ് ഉദ്യോഗസ്ഥരെ നോൺ സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിൽ കേന്ദ്ര സർക്കാരിന്റെ Indian Administrative Service (Appointment by Selection) Regulations, 1997-ലെ |

വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഐ.എ.എസിലേക്ക് സെലക്ഷൻ മുഖാന്തിരം നിയമനത്തിന് പരിഗണിച്ച് വരുന്നു. 1963 ലെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് ഭാഗികമായി മറികടന്നും ഭേദഗതി ചെയ്തുമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചത്. കെ.എ.എസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം സംസ്ഥാന സിവിൽ സർവ്വീസിൽ നിന്നും കേരള കേഡറിലുള്ള ഐ.എ.എസ് ഓഫീസർമാരുടെ പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിനായുള്ള ഫീഡർ കാറ്റഗറി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആയിരിക്കും. അതേസമയം, വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് ബാധകമായ ഉദ്യോഗസ്ഥർക്ക് ഐ.എ.എസ് സ്ഥാനക്കയറ്റത്തിന് മുൻഗണന ഉണ്ടായിരിക്കും. കൂടാതെ, കെ.എ.എസിലേയ്ക്ക് നിയമിതരാകുന്ന ഉദ്യോഗസ്ഥർ രണ്ടാം ഗസറ്റഡ് തസ്തികയിൽ പൂർത്തീകരിച്ച സേവന കാലയളവ് ഐ.എ.എസിലേക്കുള്ള നിയമനത്തിനായി വിഭാവനം ചെയ്തിട്ടുള്ള യോഗ്യതാ കാലത്തിന് പരിഗണിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Bumrad

സെക്ഷൻ ഓഫീസർ